REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-07-2024 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഉത്തർപ്രദേശിലെ ഹത്രാസ് ജില്ലയിൽ മതപരമായ ചടങ്ങിനിടെ തിക്കിലും തിരക്കിലും പെട്ട് 116 പേർ മരിച്ചു.
- രാഷ്ട്രപതിയുടെ പ്രസംഗത്തിന് നന്ദിപ്രമേയം പാസ്സാക്കി ലോക്സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. രാജ്യസഭയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ചർച്ചയ്ക്ക് മറുപടി പറയും.
- സംസ്ഥാനത്ത് 200 വില്ലേജുകളിൽ ഡിജിറ്റൽ റീസർവെ പൂർത്തിയാക്കി  വിജ്ഞാപനം പുറപ്പെടുവിച്ചു.
- ഓരോ വർഷവും കേരളത്തിൽ നിന്നു സിവിൽ സർവീസ് പരീക്ഷാ വിജയികളുടെ എണ്ണം വർധിക്കുന്നത് അഭിമാനകരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- യൂറോ കപ്പിന്റെ ക്വാർട്ടർ ചിത്രം തെളിഞ്ഞു. മറ്റന്നാൾ ആദ്യ ക്വാർട്ടറിൽ സ്പെയിൻ, ജർമ്മനിയെയും രണ്ടാം ക്വാർട്ടറിൽ പോർച്ചുഗൽ, ഫ്രാൻസിനെയും നേരിടും.

## വാർത്തകൾ വിശദമായി

ഉത്തർപ്രദേശിലെ ഹത്രാസ് ജില്ലയിൽ മതപരമായ ചടങ്ങിനിടെ തിക്കിലും തിരക്കിലും പെട്ട് 116 പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. ഇവരിൽ 18 പേരുടെ നില ഗുരുതരമാണ്. ഭോലെ ബാബയുടെ സത്സംഗത്തിനിടെയാണ് ദുരന്തമുണ്ടായത്. ചടങ്ങ് അവസാനിച്ച ശേഷം ഭോലെ

ബാബയെ ദർശിക്കുന്നതിന് ഭക്തർ തടിച്ചു കൂടിയപ്പോഴാണ് ദുരന്തമുണ്ടായതെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്..........

മരിച്ചവരിൽ 72 പേരെ തിരിച്ചറിഞ്ഞതായി ചീഫ് സെക്രട്ടറി മനോജ് കുമാർ സിംഗ് അറിയിച്ചു. പരിപാടിയിൽ എൺപതിനായിരം പേരെ പങ്കെടുപ്പിക്കുന്നതിന് അനുമതി വാങ്ങിയിരുന്നുവെന്നും എന്നാൽ ഇതിലധികം ആളുകൾ ഒത്തുകൂടിയെന്നും അദ്ദേഹം പറഞ്ഞു, സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണത്തിന് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഉത്തരവിട്ടു. ADG-യുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉന്നതതല സമിതിയോട് 24 മണിക്കൂറിനകം റിപ്പോർട്ട് നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്.

ദാരുണ സംഭവത്തിൽ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ദുഃഖം രേഖപ്പെടുത്തി. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ഭക്തരുടെ മരണം ഹൃദയഭേദകമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു.

സംഭവത്തിൽ അതിയായ വിഷമമുണ്ടെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്ര മോദി ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥുമായി സംഭവത്തെക്കുറിച്ച് സംസാരിച്ചു.

മരിച്ചവരുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ

നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകും. പരിക്കേറ്റവർക്ക് 50,000 രൂപ വീതവും പ്രഖ്യാപിച്ചിട്ടുണ്ട്.

⭘⭘⭘

രാഷ്ട്രപതിയുടെ പ്രസംഗത്തിന് നന്ദിപ്രമേയം പാസ്സാക്കി ലോക്സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. ഇന്ന് പിരിയാനായിരുന്നു നേരത്തെ തീരുമാനിച്ചിരുന്നത്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട 539 അംഗങ്ങൾ സമ്മേളനകാലത്ത് സത്യപ്രതിജ്ഞ ചെയ്തതായി സ്പീക്കർ ഓം ബിർള അറിയിച്ചു.

രാഷ്ട്രപതിയുടെ പ്രസംഗത്തിന് നന്ദി പ്രമേയ ചർച്ച രാജ്യസഭയിൽ ഇന്ന് പൂർത്തിയാകും. പ്രധാനമന്ത്രി നരേന്ദ്രമോദി ചർച്ചയ്ക്ക് മറുപടി നൽകും.

ചോദ്യപേപ്പർ ചോർച്ച വളരെ ഗൗരവമായാണ് ഗവൺമെന്റ് കാണുന്നതെന്നും കുറ്റക്കാരെ വെറുതെ വിടില്ലെന്നും ലോക്സഭയിൽ നന്ദി പ്രമേയ ചർച്ചയ്ക്ക് മറുപടി പറയവെ പ്രധാനമന്ത്രി അറിയിച്ചു. യുദ്ധകാലാടിസ്ഥാനത്തിൽ ഇതിന് നടപടി സ്വീകരിച്ചു വരികയാണെന്നും മോദി പറഞ്ഞു.

⭘⭘⭘

ഈ വർഷത്തെ ഗ്ലോബൽ ഇന്ത്യ A.I ഉച്ചകോടി കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.രണ്ടു ദിവസത്തെ ഉച്ചകോടിയിൽ നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയുടെ വികാസം, ഉപയോഗം, വിമർശനങ്ങൾ, സംരംഭകത്വം തുടങ്ങിയ വിഷയങ്ങളിൽ

വിവിധ സെഷനുകൾ ഉണ്ടാകും. രാജ്യത്തെ നിർമ്മിതബുദ്ധി സാങ്കേതിക വിദ്യയുടെ പ്രോത്സാഹനത്തിന് നിർണ്ണായക ചുവട്വെയ്പ്പായിരിക്കും ഉച്ചകോടി. അന്താരാഷ്ട്ര തല പ്രതിനിധികൾ, ഈ രംഗത്തെ വിദഗ്ധർ. നയരൂപകർത്താക്കൾ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ഛത്തീസ്ഗഡിലെ നാരായൺപുർ ജില്ലയിൽ സുരക്ഷാസേനയുമായി ഏറ്റുമുട്ടി അഞ്ചു മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്ന രഹസ്യ വിവരത്തെ തുടർന്ന് മഹാരാഷ്ട്ര അതിർത്തിയിലെ കൊഹ്ക്കമേറ്റ പ്രദേശത്ത് സംയുക്ത സുരക്ഷാ സേന തെരച്ചിൽ നടത്തവേ മാവോയിസ്റ്റുകൾ വെടിയുതിർത്തതിനെ തുടർന്നായിരുന്നു ഏറ്റുമുട്ടൽ. സുഖ്മ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് ഒൻപതുപേർ അറസ്റ്റിലായി. അതിനിടെ ഒരു വനിതയടക്കം രണ്ടു മാവോയിസ്റ്റുകൾ സുരക്ഷാസേനയ്ക്ക് മുൻപിൽ കീഴടങ്ങി.

✪✪✪

2024-2025 അധ്യയന വർഷത്തെ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് സ്കീമിന്റെ രജിസ്ട്രേഷൻ പോർട്ടൽ തുറന്നതായി കേന്ദ്ര വിദ്യാഭ്യാസമന്ത്രാലയം അറിയിച്ചു. ഒറ്റത്തവണ രജിസ്ട്രേഷൻ പുതുക്കുന്നതിനും സ്കോളർഷിപ്പിന് അപേ ക്ഷിക്കുന്നതിനും പോർട്ടലിലൂടെ കഴിയും. ഓഗസ്റ്റ് 31ആണ് അപേക്ഷ സമർപ്പിക്കേണ്ട അവസാനദിവസം.സ്കോളർ ഷിപ്പിന് ഒറ്റത്തവണ

രജിസ്ട്രേഷൻ ആധാറിനെ അടിസ്ഥാനമാക്കി പതിനാല് അക്ക നമ്പർ ഉപയോഗിച്ചാണ് നൽകേണ്ടത് .രജിസ്ട്രേഷൻ നമ്പർ ലഭിച്ച വിദ്യാർത്ഥികൾക്ക് ദേശീയ സ്കോളർഷിപ്പ് പോർട്ടലിൽ നേരിട്ട് അപേക്ഷിക്കാമെന്നും വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു.

സംസ്ഥാനത്ത് 200 വില്ലേജുകളിൽ ഡിജിറ്റൽ റീസർവെ പൂർത്തിയാക്കി വിജ്ഞാപനം പുറപ്പെടുവിച്ചു. സർവെ വിഭാഗം ജീവനക്കാരുടെ വിയർപ്പിന്റെ നേട്ടമാണിതെന്ന് തിരുവനന്തപുരത്ത് സർവെ ഡയറക്ടറേറ്റിലെത്തിയ മന്ത്രി K. രാജൻ പറഞ്ഞു. ഉയർന്ന ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കൊപ്പം കേക്ക് മുറിച്ച് മന്ത്രി സന്തോഷം പങ്കിട്ടു.

1966 മുതൽ സംസ്ഥാനത്ത് കോൽക്കണക്കായും ചെയിൻ സർവെയിലൂടെയും 961 വില്ലേജുകളിൽ മാത്രമാണ് ഭൂവളവ് പൂർത്തിയാക്കിയിരുന്നതെന്നും മന്ത്രി അറിയിച്ചു.

2022 നവംബർ ഒന്നിനാണ് ഡിജിറ്റൽ റീസർവെ ആരംഭിച്ചത്. ഇന്ന് നാല് ലക്ഷം ഹെക്ടർ ഭൂമി അളന്ന് തിട്ടപ്പെടുത്തിയെന്നും, ആർക്കും പിഴുതുമാറ്റാനാവാത്ത, അതിർത്തി തർക്കങ്ങൾക്കിടവരുത്താത്ത, ഡിജിറ്റൽ വേലികൾ തീർക്കുകയാണ് റവന്യു വകുപ്പ് ചെയ്തിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

ഈ വർഷം കഴിയുന്നതോടെ ഡിജിറ്റൽ റീസർവെയുടെ രണ്ടാം ഘട്ടം പൂർണമായും പൂർത്തീകരിക്കാനാവും. ഒരു

പരിധിവരെ മൂന്നാംഘട്ടത്തിന്റെ പൂർത്തീകരണവും പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

✪✪✪

വന്യജീവി സംഘർഷ മരണങ്ങളുടെ കണക്കുകൾ പെരുപ്പിച്ചുകാട്ടി വനംവകുപ്പിനെ ജനങ്ങളുടെ ശത്രുക്കളാക്കാൻ ചില കേന്ദ്രങ്ങൾ ഗൂഢശ്രമം നടത്തുന്നതായി മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. ഈ മാസം ഒന്നു മുതൽ ഏഴ് വരെ വനംവകുപ്പ് സംഘടിപ്പിക്കുന്ന വനമഹോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

2016 മുതൽ 2024 വരെ വന്യജീവി സംഘർഷത്തിൽ മരണങ്ങളുടെ കണക്ക് പെരുപ്പിച്ച് കാണിച്ചാണ് പലപ്പോഴും ജനങ്ങളിൽ തെറ്റിദ്ധാരണ പരത്തുന്നതെന്നും മന്ത്രി പറഞ്ഞു. ഇക്കാലയളവിലെ ആകെ മരണങ്ങളായി പറയുന്ന 848 പേരിൽ 573 പേരും നാട്ടിലെ പാമ്പുകടിയേറ്റാണ് മരണപ്പെട്ടതെന്ന സത്യം പലപ്പോഴും മറച്ചുവയ്ക്കുകയാണെന്നും ശശീന്ദ്രൻ കുറ്റപ്പെടുത്തി.

ചടങ്ങിൽ വനമിത്ര പുരസ്കാര വിതരണം, മികച്ച വിദ്യാവനത്തിനു അവാർഡ് വിതരണം, പുതിയ വാഹനങ്ങളുടെ ഫ്ളാഗ് ഓഫ്, സംരക്ഷിത വനപ്രദേശങ്ങളെ കുറിച്ച് കോഫി ടേബിൾ ബുക്കിന്റെ പ്രകാശനം എന്നിവ മന്ത്രി നിർവഹിച്ചു.

✪✪✪

ഫിഷറീസ് ഡയറക്ടർ അദീല അബ്ദുള്ളയടക്കം നാല് IAS ഉദ്യോഗസ്ഥരെ മാറ്റി. കൃഷി വികസന ഡയക്ടറായാണ് അദീല അബ്ദുല്ലയുടെ പുതിയ നിയമനം. റവന്യൂ അഡീഷണൽ സെക്രട്ടറി ബി അബ്ദുൽ നാസറാണ് ഫിഷറീസ് ഡയറക്ടർ. വയനാട് കലക്ടർ ഡോക്ടർ രേണു രാജിനെ പട്ടികവർഗ വികസന ഡയറക്ടറായി നിയമിച്ചു. പട്ടിക വർഗ വികസന ഡയറക്ടർ D.R മേഘശ്രീയാണ് പുതിയ വയനാട് കലക്ടർ.

✪✪✪

ഓരോ വർഷവും കേരളത്തിൽ നിന്നു സിവിൽ സർവീസ് പരീക്ഷാ വിജയികളുടെ എണ്ണം വർധിക്കുന്നത് അഭിമാനകരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സിവിൽ സർവീസ് വിജയികളെ അനുമോദിക്കുന്നതിന് സിവിൽ സർവീസ് അക്കാദമി തിരുവനന്തപുരത്ത് സംഘടിപ്പിച്ച യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. 54 പേരാണ് കേരളത്തിൽ നിന്നും സിവിൽ സർവീസ് പരീക്ഷ ഇത്തവണ വിജയിച്ചത് 'കഴിഞ്ഞവർഷം ഇത് 37 ആയിരുന്നു.

2005-ൽ സിവിൽ സർവീസ് അക്കാദമി സ്ഥാപിക്കപ്പെട്ടതിനുശേഷം ഏറ്റവും അധികം വിജയികൾ ഉണ്ടായ വർഷമാണ് 2024. വിജയികളുടെ എണ്ണത്തിൽ മാത്രമല്ല സിവിൽ സർവീസ് ലക്ഷ്യമായി കാണുന്ന യുവതീയുവാക്കളുടെ എണ്ണത്തിൽ വർധന ഉണ്ടായി എന്നതും സന്തോഷകരമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് വകുപ്പിൽ നിന്നു നൽകുന്ന വിവിധ സേവനങ്ങൾ ഓൺലൈനാക്കുന്നതിനായി വികസിപ്പിച്ച സോഫ്റ്റ്‌വെയർ 'സുരക്ഷ' യുടെ ആദ്യഘട്ടത്തിന്റെ ഉദ്ഘാടനം മന്ത്രി കെ. കൃഷ്ണൻകുട്ടി ഇന്ന് വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും.

സുരക്ഷ സോഫ്റ്റ്‌വെയർ മുഖേന ഇലക്ട്രിക്കൽ സ്കീം അംഗീകാരം, പ്രതിഷ്ഠാപനങ്ങളുടെ ഊർജ്ജീകരണ അനുമതി, അഡ്വൈസ് അപ്രൂവൽ, ലൈൻ ക്ലിയറൻസിനു സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്റ്റാലേഷനുകൾക്കു മൂല്യനിർണയം, തുടങ്ങിയ സേവനങ്ങൾ ലഭ്യമാകും.

⭐⭐⭐

തിരുവനന്തപുരം മുതലപ്പൊഴി വിഷയത്തിൽ ഒരു നടപടിയും തീരുമാനവും ഗവണ്മെന്റ് കൈക്കൊള്ളുന്നില്ലെന്ന് പ്രതിപക്ഷ നേതാവ് V.D.സതീശൻ പറഞ്ഞു. മുതലപ്പൊഴിയിൽ കോൺഗ്രസ് സംഘടിപ്പിച്ച രാപ്പകൽ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മത്സ്യത്തൊഴിലാളികൾക്ക് കിട്ടേണ്ട നിരവധി അനുകൂല്യങ്ങൾ പലതും അനർഹരുടെ കൈകളിലാണ് എത്തുന്നതെന്നും സതീശൻ പറഞ്ഞു.

മുതലപ്പൊഴിയിലെ അശാസ്ത്രീയത പരിഹരിക്കുക, മരിച്ചവരുടെ കുടുംബങ്ങളുടെ ഉത്തരവാദിത്തം ഗവൺമെന്റ് ഏറ്റെടുക്കുക തുടങ്ങിയ ആവശ്യങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ

ക്കെതിരെയാണ് കോൺഗ്രസ് സമരം സംഘടിപ്പിക്കുന്നത്. രാപ്പകൽ സമരം ഇന്ന് വൈകീട്ട് 5 ന് സമാപിക്കും.

✪✪✪

യൂറോ കപ്പിന്റെ ക്വാർട്ടർ ചിത്രം തെളിഞ്ഞു. ക്വാർട്ടർ ഫൈനൽ മത്സരങ്ങൾ മറ്റന്നാൾ ആരംഭിക്കും.

ആദ്യ മത്സരത്തിൽ രാത്രി 9.30ന് കരുത്തരായ സ്പെയിനും ജർമനിയും ഏറ്റുമുട്ടും. രണ്ടാം ക്വാർട്ടറിൽ രാത്രി12.30 ന് പോർച്ചുഗൽ -ഫ്രാൻസിനെ നേരിടും. ഈ രണ്ടു മത്സരങ്ങളിലേയും ജേതാക്കളാണ് ആദ്യ സെമിയിൽ ഏറ്റുമുട്ടുന്നത്. ശനിയാഴ്ച രാത്രി നടക്കുന്ന ക്വാർട്ടറിലെ മറ്റുമത്സരങ്ങളിൽ നെതർലൻഡ്സ് തുർക്കിയുമായും ഇംഗ്ലണ്ട് സ്വിറ്റ്സർലൻഡുമായും കളിക്കും. വിജയികൾ രണ്ടാം സെമിയിൽ ഏറ്റുമുട്ടും.

ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ഓസ്ട്രിയയെ തോൽപ്പിച്ചാണ് തുർക്കി ക്വാർട്ടറിൽ എത്തിയത്. റൊമാനിയയെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് പരാജയപ്പെടുത്തി നെതർലാൻഡ്സും ക്വാർട്ടറിലെത്തി.

✪✪✪

പോർച്ചുഗലിൽ യുനെസ്കോ ക്രിയേറ്റീവ് സിറ്റീസ് നെറ്റ് വർക്കിന്റെ ബ്രാഗ വാർഷിക കോൺഫറൻസിന്റെ രണ്ടാം ദിനമായ ഇന്നലെ കോഴിക്കോട് മേയർ ഡോ. ബീനാ ഫിലിപ്പ് സാഹിത്യ നഗരത്തെ പ്രതിനിധീകരിച്ച് അവതരണം നടത്തി. 1498 ൽ വാസ്കോഡഗാമ കോഴിക്കോടെത്തിയതിനെ തുടർന്ന് രൂപപ്പെട്ട കോഴിക്കോടും പോർച്ചുഗലും തമ്മിലെ നൂറ്റാണ്ടുകൾ

പഴക്കമേറിയ ബന്ധത്തെ കുറിച്ച് പരാമർശിച്ചാണ് മേയർ തുടക്കം കുറിച്ചത്. തുടർന്ന് വിവിധ സംസ്കാരങ്ങൾ ഇഴുകി ചേർന്ന നഗരത്തിന്റെ സവിശേഷ സാമൂഹ്യ പശ്ചാത്തലവും, അത്തരമൊരു ഭൂമികയിൽ രൂപപ്പെട്ട് വന്ന സാഹിത്യ സാംസ്കാരിക പാരമ്പര്യവും എങ്ങിനെയാണ് സാഹിത്യ നഗര പദവിക്ക് അനുയോജ്യമായ സാഹചര്യം കോഴിക്കോട് ഉരുത്തിരിഞ്ഞ് വന്നതെന്നും മേയർ വിശദീകരിച്ചു.

✪✪✪

നാഗർകോവിൽ റെയിൽവേ സ്റ്റേഷനിൽ നടക്കുന്ന ജോലികളെ തുടർന്ന് മംഗളൂരു - നാഗർകോവിൽ - മംഗളൂരു പരശുറാം എക്സ്പ്രസ് ഇന്ന് മുതൽ താത്കാലികമായി കന്യാകുമാരി വരെ നീട്ടി.

ഇന്ന് രാത്രി 8.25 ന് നാഗർകോവിലിൽ എത്തുന്ന ട്രെയിൻ 9.15 ന് കന്യാകുമാരിയിൽ സർവീസ് അവസാനിപ്പിക്കും. നാളെ രാവിലെ 3.45 നാണ് കന്യാകുമാരിയിൽ നിന്ന് മംഗളൂരുവിലേക്ക് സർവീസ്.

യാത്രക്കാരുടെ തിരക്ക് ഒഴിവാക്കുന്നതിനായി രണ്ട് സെക്കന്റ് ക്ലാസ് ജനറൽ കോച്ചുകൾ കൂടി ഏർപ്പെടുത്തി.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴയെ തുടർന്ന് ശനിയാഴ്ച വരെ ചില ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദേശം പ്രഖ്യാപിച്ചു.

ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിലാണ് മഞ്ഞ ജാഗ്രതാ നിർദ്ദേശം.

കേരള - തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.